MURALI PANAMANNA

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ്- ശ്രീ.ജോസ് ബേബി.എം, ക്ളാർക്ക്, സെന്റ് ജോർജ്ജ് ഹൈസ്കൂൾ, പുറ്റേക്കര, തൃശ്ശൂർ - സമയ ബന്ധിത ഹയർഗ്രേഡ് അനുവദിച്ചത് സംബന്ധിച്ച ആഡിറ്റ് തടസ്സം - അപ്പീൽ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.6138/2022/GEDN തീയതി,തിരുവനന്തപുരം, 25-10-2022

---

പരാമർശം:- 1. ശ്രീ.ജോസ് ബേബി. എം, ക്ളാർക്ക്, സെന്റ് ജോർജ്ജ് ഹൈസ്കൂൾ, പുറ്റേക്കര, തൃശ്ശൂർ സർക്കാരിൽ സമർപ്പിച്ച 30/06/2022 തീയതിയിലെ അപ്പീൽ

**ഉത്തരവ്**

തൃശ്ശൂർ പുറ്റേക്കര സെന്റ്ജോർജ്ജ് ഹൈസ്കൂളിലെ ക്ളാർക്ക് ശ്രീ എം.ജോസ് ബേബിക്ക് സമയബന്ധിത ഹയർ ഗ്രേഡുകൾ തെറ്റായ സ്കെയിലിൽ അനുവദിച്ചത് സംബന്ധിച്ച് വിദ്യാഭ്യാസ ഉപ ഡയറക്ടർ ഉന്നയിച്ച ഓഡിറ്റ് തടസ്സംഒഴിവാക്കി ശമ്പള നിർണ്ണയങ്ങൾ അംഗീകരിക്കുവാൻ നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ച് പരാമർശം (1) അപ്പീൽ സർക്കാരിൽ സമർപ്പിച്ചു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.
ഒരു എസ്റ്റാബ്ലിഷ്മെന്റിനു കീഴിലുള്ള ഏതൊരു തസ്തികയ്ക്കും അതേ എസ്റ്റാബ്ലിഷ്മെന്റിൽ റഗുലർ പ്രൊമോഷൻ തസ്തിക നിലവിലുണ്ടെങ്കിൽ മാത്രമേ റഗുലർ പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിൽ സമയബന്ധിത ഹയർ ഗ്രേഡ് സ്കെയിലായി അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. റഗുലർ പ്രൊമോഷൻ തസ്തിക നിലവിലില്ലാത്ത അത്തരം എസ്റ്റാബ്ലിഷ്മെന്റുകളിൽ പ്രവേശന തസ്തികയിലുള്ളവർക്ക് കാലാകാലങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവുകളിലെ ഗ്രേഡ് സംബന്ധിച്ച പട്ടികയിലെ സ്കെയിലുകൾക്ക് മാത്രമേ അർഹതയുണ്ടായിരിക്കു. ഇപ്രകാരമാണ് സമയബന്ധിത ഹയർ ഗ്രേഡ് സംബന്ധിച്ച അടിസ്ഥാന നിയമം. സർക്കാർ സ്കൂളുകളിലെ ക്ലർക്കുമാർക്ക് മാത്രമായി പ്രത്യേകം ഒരു എസ്റ്റാബ്ലിഷ്മെന്റ് നിലവിലില്ല. വിവിധ വകുപ്പുകളിൽ നിയമിക്കുന്നതിനായി കെ.പി.എസ്.സി. തയ്യാറാക്കുന്ന എൽ.ഡി.സി. മാരുടെ ലിസ്റ്റിൽ നിന്നും പൊതു വിദ്യാഭ്യാസ വകുപ്പിൽ നിയമിക്കപ്പെടുന്ന ക്ലാർക്കുമാരാണ് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ സ്കൂളുകളിൽ ക്ലർക്കുമാരായി സേവനമനുഷ്ഠിക്കുന്നത്. പ്രസ്തുത ക്ലാർക്കുമാർ സ്ഥിരമായി സർക്കാർ സ്കൂളുകളിൽ മാത്രം സേവനമനുഷ്ഠിക്കുന്നില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് ഉൾപ്പെടെ വകുപ്പിന് കീഴിലുള്ള സ്കൂളുകളിലും വിവിധ ഓഫീസുകളിലും പല പ്രൊമോഷൻ തസ്തികകളിൽ നിയമിക്കപ്പെടുന്നു. അതായത്, പൊതു വിദ്യാഭ്യാസ വകുപ്പിനെ മൊത്തമായി ഒരു എസ്റ്റാബ്ലിഷ്മെന്റായി കണക്കാക്കിയാണ് വകുപ്പിലെ ക്ലാർക്കുമാർക്ക് പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നത്.

MURALI PANAMANNA

3. എന്നാൽ, പ്രൈവറ്റ് മേഖലയിൽ ഓരോ മാനേജ്മെന്റിന് (ഇൻഡിവിഡ്യൂൽ, കോർപ്പറേറ്റ്) കീഴിലുള്ള എയ്ഡഡ് സ്കൂളുകളും ഓരോ എസ്റ്റാബ്ലിഷ്മെന്റാണ്. ടി എസ്റ്റാബ്ലിഷ്മെന്റിൽ പ്രൊമോഷൻ തസ്തികകൾ നിലവിലുണ്ടെങ്കിൽ മാത്രമേ പ്രൊമോഷൻ തസ്തികയുടെ സ്കെയിലുകൾ സമയബന്ധിത ഹയർഗ്രേഡ് സ്കെയിലായി (നിലവിലെ പൊതു സമയബന്ധിത ഹയർഗ്രേഡിന്റെ അടിസ്ഥാന നിയമപ്രകാരം) അനുവദിക്കാൻ കഴിയൂ. എയിഡഡ് സ്കൂളുകളിൽ ക്ലർക്ക് തസ്തിക മാത്രമേ നിലവിലുള്ളൂ. സർക്കാർ സർവ്വീസിലുള്ള പ്രൊമോഷൻ തസ്തികകളായ സീനിയർ ക്ലർക്ക്, ഹെഡ് ക്ലർക്ക്, ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് തുടങ്ങിയ തസ്തികകൾ എയിഡഡ് സ്കൂളുകളിൽ നിലവിലില്ല. അതിനാൽ അവർക്ക് ടി തസ്തികകളിൽ റഗുലർ പ്രൊമോഷനും ലഭിക്കുന്നില്ല. അതിനാൽ തന്നെ എയിഡഡ് സ്കൂൾ ക്ലർക്കുമാർക്ക് മുമ്പും ഗ്രേഡ് പ്രമോഷനുള്ള അർഹത കാലാകാലങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവുകളിലെ പട്ടികയിൽ പറഞ്ഞിട്ടുള്ള സ്കെയിലുകൾക്ക് മാത്രമായിരുന്നു. അതായത് പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിലുകൾ സമയബന്ധിത ഹയർഗ്രേഡായി അനുവദിച്ചിരുന്നില്ല. സമയബന്ധിത ഹയർഗ്രേഡ് സംബന്ധിച്ച പൊതു വ്യവസ്ഥകൾ സർക്കാർ സർവ്വീസിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ഒരുപോലെ ബാധകമാണ് .ആയതിനാൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്ന ക്ലാർക്കുമാരുടേതുപൊലെ സമയബന്ധിത ഹയർഗ്രേഡ് ആനുകൂല്യങ്ങൾ എയിഡഡ് സ്കൂൾ ക്ളാർക്കുമാർക്ക് അനുവദിച്ച നൽകുവാൻ വ്യവസ്ഥയില്ല. കാലകാലങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവുകളിലെ ഗ്രേഡ് സംബന്ധിച്ച പട്ടികയിലെ സ്കെയിലുകൾക്ക് മാത്രമേ അർഹതയുണ്ടായിരിക്കു. എന്നിരുന്നാലും, സർക്കാർ ഉദാര സമീപനം സ്വീകരിച്ചാണ് എയ്ഡഡ് സ്കൂളുകളിലെ ക്ലാർക്കുമാർക്ക് ജൂനിയർ സൂപ്രണ്ടിന്റ സ്കെയിലിൽ മൂന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കാമെന്ന് ഉത്തരവായിട്ടുള്ളത്. അതിനാൽ എയ്ഡഡ് സ്കൂൾ ക്ലർക്കുമാർക്ക് ഒന്നും രണ്ടും നാലും സമയ ബന്ധിത ഹയർ ഗ്രേഡുകൾ പ്രൊമോഷൻ തസ്തികയുടെ സ്കെയിലുകളിൽ അനുവദനീയമല്ല.

4. കൂടാതെ, പ്രൊമോഷൻ തസ്തിക നിലവിലുള്ള എസ്റ്റാബ്ലിഷ്മെന്റുകളിലാണ് പ്രൊമോഷൻ തസ്തികയിൽ ഗ്രേഡ് നൽകുന്നതിന് ടെസ്റ്റ് യോഗ്യത ഒരു മാനദണ്ഡമാകുന്നത്. എയ്ഡഡ് സ്കൂൾ ക്ലർക്കുമാരെ സംബന്ധിച്ച് പ്രൊമോഷൻ തസ്തികകളുടെ സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദനീയമല്ല. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവായ 10.02.2021ലെ ജി.ഒ.(പി) നം.27/2021/ഫിൻ സർക്കാർ ഉത്തരവിന്റെ അനക്സർ VIലെ ഖണ്ഡിക 16 പ്രകാരം എയ്ഡഡ് സ്കൂൾ ക്ലർക്കുമാർക്ക് ഒന്നാം സമയബന്ധിത ഹയർഗ്രേഡ് സീനിയർ ക്ലർക്കിന്റെ സ്കെയിലിലും രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് ഹെഡ് ക്ലർക്കിന്റെ സ്കെയിലിലും മൂന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് ജൂനിയർ സൂപ്രണ്ടിന്റെ സ്കെയിലിലും നാലാം സമയ ബന്ധിത ഹയർ ഗ്രേഡ് ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്)ന്റെ സ്കെയിലിലും അനുവദിക്കാമെന്ന് ഉത്തരവായിട്ടുണ്ടെങ്കിലും ടി വ്യവസ്ഥയ്ക്ക് ടി സർക്കാർ ഉത്തരവിലെ ഖണ്ഡിക 6 പ്രകാരം 01.04.2021 മുതൽ മാത്രമാണ് പ്രാബല്യം.

5. മേൽ സാഹചര്യത്തിൽ തൃശ്ശൂർ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഉന്നയിച്ച ഓഡിറ്റ് തടസ്സം ക്രമപ്രകാരമാണെന്നു കാണുന്നു. ആയതിനാൽ ഹർജിയിലെ ആവശ്യം നിരസിച്ച് അപ്രകാരം പരാമർശം (1) ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MURALI PANAMANNA

SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പകർപ്പ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപ ഡയറക്ടർ , തൃശ്ശൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃശ്ശൂർ
ശ്രീ. ജോസ് ബേബി എം, ക്ളാർക്ക്, സെന്റ് ജോർജ്ജ് ഹൈസ്കൂൾ, പുറ്റേക്കര, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ്ജനറൽ(ഓഡിറ്റ്)/(എ&ഇ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ